ഖുത്ബ നമ്പർ

**27**

**06-07-2012**

بسم الله الرحمن الرحيم O نحمده ونصلی علیٰ رسوله الکریم O وعلیٰ عبده المسیح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالیٰ بنصره العزیز

**വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം**




# ജൽസ - സ്വർഗ്ഗത്തിലെ തോട്ടങ്ങൾ അതിൽ നിന്നും പൂർണ്ണമായും പ്രയോജനം എടുക്കുക

اَلْحَمْدُ لِلّٰهِ ഇന്ന് അഹ്മദിയ്യാ ജമാഅത്ത് കാനഡ യുടെ ജൽസാ സാലാന ആരംഭിക്കുകയാണ്. ഈ ജൽസകൾ ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം അനുഗ്രഹങ്ങൾക്ക് കാരണമാണ്. അങ്ങനെ അനുഗ്രഹങ്ങൾക്ക് കാരണമാകേണ്ട തുമാണ്. കാരണം ഒരു പ്രത്യേക അന്തരീക്ഷത്തിൽ കേവലം ദീനിയായ ലക്ഷ്യത്തിനുവേണ്ടിയുള്ള ഒരുമിച്ചുകൂടൽ, അല്ലാഹു വിനെ സ്മരിക്കുന്നതിനുവേണ്ടിയുള്ള ഒരുമിച്ചുകൂടൽ, അവന്റെ പ്രീതി സ്വായത്തമാക്കുന്നതിനുവേണ്ടിയുള്ള ഒരുമിച്ചുകൂടൽ, തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹം ആകർഷിക്കുന്നവ യാണ്. റസൂൽ തിരുമേനി(സ) വളരെ വ്യക്തമായി പറയുകയു ണ്ടായി, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നായി സംഘടിപ്പിക്കുന്ന മജ്ലിസുകൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങ ളുടെ അവകാശികളാക്കി തീർക്കുകയും അവന്റെ സ്വർഗ്ഗത്തി ലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നു.അവിടുന്ന് അരുൾ ചെയ്തു, ജനങ്ങളെ, സ്വർഗ്ഗത്തിലെ തോട്ടത്തിൽ മേയാൻ പരിശ്ര മിക്കുക. സ്വഹാബാക്കൾ, സ്വർഗ്ഗത്തിലെ തോട്ടത്തിൽ എന്താണ് എന്നുള്ള വിശദീകരണം കേൾക്കാൻ ആഗ്രഹിച്ചപ്പോൾ, അവി ടുന്ന് പറയുകയുണ്ടായി, ദൈവസ്മരണകൾ നടത്തുന്ന മജ്ലി സുകൾ സ്വർഗ്ഗത്തിലെ തോട്ടങ്ങളാണ്. അതുകൊണ്ട് ഏതൊരു മജ്ലിസിൽ നിന്നാണോ സ്വർഗ്ഗത്തിലെ തോട്ടങ്ങളിലേക്കുള്ള മാർഗ്ഗം ലഭിക്കുന്നത് തീർച്ചയായും അവ അനുഗ്രഹീത സദസ്സു കളായിരിക്കും. നമ്മുടെ ജലസകളുടെ ഉദ്ദേശ്യവും അതുതന്നെ യാണ്, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതും അവനോ ടുള്ള സ്നേഹം വർദ്ധിപ്പിക്കുന്നതുമായ കാര്യങ്ങൾ കേൾക്കുക. ദുആയിലേക്കും ഇബാദത്തുകളിലേക്കും ശ്രദ്ധിക്കുന്നതോ ടൊപ്പം അത് സ്വായത്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിക്കു കയും ചെയ്യുക. അതുപോലെതന്നെ അല്ലാഹുവിന്റെ പ്രീതി കര സ്ഥമാക്കുന്നതിന്നായി അല്ലാഹുവിന്റെ ദാസരോടുള്ള ഉത്തരവാ ദിത്വ നിർവ്വഹണത്തിലേക്ക് ശ്രദ്ധ ഉണ്ടാക്കിയെടുക്കുക. പിന്നീട് നന്മയിലേക്കുള്ള ഈ ശ്രദ്ധ, ഉത്തരവാദിത്വ നിർവ്വഹണത്തി ലേക്കുള്ള ഈ ശ്രദ്ധ നമ്മെ അല്ലഹുവിന്റെ നന്ദിയുള്ള ദാസ രാക്കികൊണ്ട്, അവന്റെ സ്മരണയിൽ നമ്മുടെ നാവിനെ ആർദ്ര മാക്കിക്കൊണ്ട് സ്വർഗ്ഗത്തിലെ തോട്ടങ്ങളിലേക്ക് മാർഗ്ഗദർശനം നൽകുന്നു. അതുപോലെതന്നെ ദാസരോടുള്ള ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ ഫലമായി, ആരോടുള്ള കടമയാണോ നിറ വേറ്റപ്പെടുന്നത് ഈ മജ്ലിസ് മുഖേനയാണ് ഉത്തരവാദിത്വ നിർവ്വഹണത്തിലേക്കുള്ള ശ്രദ്ധ ഉണ്ടായിട്ടുള്ളത് എന്ന് അയാൾ കാണുമ്പോൾ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്ന അയാളും അല്ലഹുവിനെ സ്തുതിക്കുകയും നന്ദി കാണിക്കുകയും ചെയ്യു ന്നു. വിശ്വാസികളുടെ സദസ്സുകളുടേയും പരസ്പരമുള്ള ബന്ധങ്ങളുടേയും അല്ലാഹുവിന് നന്ദി കാണിക്കുകയും ചെ യ്യുന്ന അവസ്ഥ ഇപ്രകാരം തന്നെയായിരിക്കും. ഈ ഒരു ആത്മാ വോടു കൂടി ഇവിടെ വരുന്നവരും, ഇതനുസരിച്ച് പ്രവർത്തിക്കു ന്നവരും സൗഭാഗ്യവാന്മാരാണ്. അതിന്റെ ഫലമെന്നോണം കേവ ലം തനിക്കുവേണ്ടി മാത്രമല്ല സ്വർഗ്ഗത്തിന്റെ തോട്ടങ്ങളുടെ കവാട ങ്ങൾ തുറക്കുന്നത് മറിച്ച് ദാസരോടുള്ള കടമ നിറവേറ്റുന്നതി ലൂടെ മറ്റുള്ളവരേയും സ്വർഗ്ഗത്തിലെ തോട്ടങ്ങളിൽ മേയുന്നവ രാക്കി തീർക്കുന്നതിനുള്ള മാർഗ്ഗമായി മാറുന്നു. അങ്ങനെ കൂടുതൽ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്ന, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്ന ഒരു വിശ്വാസിയായിതീരുന്നു. കാരണം മറ്റുള്ളവർക്ക് നന്മയിലേക്ക് മാർഗ്ഗദർശനം നൽകുന്ന ആൾ, അതല്ലെങ്കിൽ ആർക്കെങ്കിലും നന്മ ചെയ്തുകൊണ്ട് അയാളെ അല്ലാഹുവിന് നന്ദി കാണിക്കുന്നതിലേക്ക് ശ്രദ്ധിപ്പിക്കു ന്നവർ, നന്മ ചെയ്യുന്ന ആളുടെ അത്രത്തോളം പ്രതിഫലത്തിന് അർഹരായിത്തീരുന്നു. അഥവാ ഒരു നന്മയുടെ നല്ല ഫലങ്ങൾ അനേകം ഇരട്ടി പ്രതിഫലം നൽകികൊണ്ട് അല്ലാഹുവിന്റെ അനു ഗ്രഹങ്ങൾക്കും കാരുണ്യങ്ങൾക്കും അവകാശികളാക്കി തീർ ക്കുന്നു. ഇതാണ് നന്മകൾക്ക് നൂറുകണക്കിന്, ആയിരക്കണക്കിന് ഇരട്ടിയായി പ്രതിഫലം നൽകുന്ന നമ്മുടെ അല്ലാഹു, തന്റെ ദാസ ന്റെ നിസ്സാരമായ പരിശ്രമം പോലും മനുഷ്യചിന്തക്ക് അതീത മായി വർദ്ധിപ്പിക്കുന്നു. ഈ പ്രിയപ്പെട്ട അല്ലാഹുവിനോടുള്ള സ്നേഹം ഓരോരുത്തരും അന്വേഷിക്കേണ്ടതാണ്.

ഞാൻ എപ്പോഴും പറയാറുള്ളതുപോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ജൽസകൾ സംഘടിപ്പിച്ചുകൊണ്ട് നമുക്കായി അനു ഗ്രഹങ്ങളുടെ മാർഗ്ഗം തുറന്നിരിക്കുന്നു. സ്വർഗ്ഗത്തിലെ തോട്ടങ്ങ ളിൽ ഉലാത്തുന്നതിനുള്ള ഒരു വിശാലവും ഉന്നതവുമായ സംവി ധാനം ഒരുക്കിയിരിക്കുന്നു. ഈ സദസ്സിൽ നിന്നും, ഈ അന്തരീ ക്ഷത്തിൽ നിന്നും പ്രയോജനമെടുത്തുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി തീരുന്നവർ തീർച്ചയായും ഭാഗ്യ വാൻ ആയിരിക്കും. അല്ലാഹുവിന്റെ ഈ പ്രീതി കരസ്ഥമാക്കുന്ന തിനായി എല്ലാ അഹ്മദീ സ്ത്രീകളും, പുരുഷന്മാരും, യുവാ ക്കളും, വൃദ്ധരും, കുട്ടികളും പരിശ്രമിക്കേണ്ടതുണ്ട്. ജമാഅത്ത് അംഗങ്ങളെ ഈ സ്ഥാനം കരസ്ഥമാക്കുന്നവരായി തീർക്കുന്നതിന്നായി ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഹൃദയ ത്തിൽ എത്രമാത്രം വേദനയുണ്ടായിരുന്നു. അദ്ദേഹം എത്രമാത്രം വേദനയോട് കൂടിയായിരുന്നു അതിനായി ദുആ ചെയ്തിരുന്നത്, അതിന്റെ ഒരു ചിത്രം അദ്ദേഹത്തിന്റെ ഈ വാക്കുകളിൽ നിന്നു ലഭിക്കുന്നു. പറയുന്നു. ദുആ ചെയ്യുന്നു. ഏതുവരെ എന്നിൽ എന്റെ ജീവനുണ്ടോ, ദുആ ചെയ്തുകൊണ്ടേയിരിക്കും. ആ ദുആ ഇതാണ്. അല്ലാഹു എന്റെ ഈ ജമാഅത്തിലെ ഹൃദയ ങ്ങളെ വിശുദ്ധീകരിക്കുമാറാകട്ടെ. തന്റെ കാരുണ്യത്തിന്റെ കൈ കൂടുതൽ നീട്ടികൊണ്ട് അവരുടെ ഹൃദയങ്ങളെ തന്നിലേക്ക്

തിരിക്കുമാറാകട്ടെ. എല്ലാവിധത്തിലുള്ള കുഴപ്പങ്ങളും, വിദ്വേഷവും അവരുടെ ഹൃദയങ്ങളിൽ നിന്ന് എടുത്തുകളയുമാറാകട്ടെ. പരസ്പരം യഥാർത്ഥത്തിലുള്ള സ്നേഹം നൽകുമാറാകട്ടെ. ഞാൻ ദൃഢമായി വിശ്വസിക്കുന്നു ഈ ദുആ ഇപ്പോൾ തന്നെ സ്വീകരിക്കപ്പെടും. അല്ലാഹു എന്റെ പ്രാർത്ഥനകളെ പാഴാക്കി കളയുകയില്ല. അതെ, ഞാൻ ഇങ്ങനേയും ദുആ ചെയ്യുന്നു. അഥവാ എന്റെ ജമാഅത്തിലെ ഒരു വ്യക്തി അല്ലാഹുവിന്റെ അറിവിലും ഉദ്ദേശ്യത്തിലും സ്ഥായിയായ നിർഭാഗ്യവാനാണെങ്കിൽ, യഥാർത്ഥത്തിലുള്ള വിശുദ്ധിയും, ദൈവഭയവും ആയാൾക്ക് സ്വായത്തമാവുകയില്ല എന്ന് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലയോ സർവ്വശക്തനായ അല്ലാഹുവേ ആ വ്യക്തിയെ ഏതുപോലെ അയാൾ നിന്നിൽ നിന്നും വിമുഖനാണോ അതുപോലെ എന്നിൽ നിന്നും വിമുഖനാക്കേണമേ. അയാളുടെ സ്ഥാനത്ത്, ആരുടെ ഹൃദയത്തിലാണോ നൈർമ്മല്യവും, ആരുടെ ജീവനിലാണോ നിന്നെക്കുറിച്ചുള്ള അന്വേഷണവും ഉള്ളത് അത്തരത്തിലുള്ള ഒരാളെ കൊണ്ടുവന്നാലും. അദ്ദേഹത്തിന്റെ ഹൃദയവേദനയുടെ ഈ വാക്കുകൾ ഹൃദയത്തെ പിടിച്ച് കുലുക്കുന്നവയാണ്, രോമാഞ്ചമുണ്ടാക്കുന്നവയാണ്, തൗബയിലും ഇസ്തിഗ്ഫാറിലും ശ്രദ്ധതിരിപ്പിക്കുന്നവയാണ്. യഥാർത്ഥ രീതിയിൽ അല്ലാഹുവിന്റെ സമക്ഷത്തിൽ വണങ്ങിക്കൊണ്ട് അല്ലാഹുവിനോട് മഗ്ഫിറത്തും പൊറുക്കലും തേടുന്നവരാക്കി തീർക്കുന്നവയാണ്. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നവയാണ്. ഈ ദിവസങ്ങളിൽ നമ്മിൽ ഓരോരുത്തരും തൗബയിലേക്കും ഇസ്തിഗ്ഫാറിലേക്കും സ്വലാത്തിലേക്കും ദിക്റെ ഇലാഹിയിലേക്കും ശ്രദ്ധ തിരിക്കേണ്ടതായിട്ടുണ്ട്. അല്ലാഹു കേവലം നമ്മുടെ ഈമാനെ സുരക്ഷിതമാക്കി തീർക്കുക മാത്രമല്ല. ഈമാനിലും വിശ്വാസത്തിലും തഖ്‌വയിലും പുരോഗമിക്കുന്നവരാക്കി തീർക്കുകയും ചെയ്യുമാറാകട്ടെ. നമ്മുടെ ഇസ്തിഗ്ഫാർ, കലർപ്പില്ലാത്ത ഇസ്തിഗ്ഫാറായി തീരട്ടെ. നമ്മുടെ നമസ്കാരങ്ങളും ഇബാദത്തുകളും യഥാർത്ഥ നമസ്കാരങ്ങളും ഇബാദത്തുകളുമായി തീരുമാറാകട്ടെ. സൃഷ്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വ നിർവ്വഹണം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനു വേണ്ടി മാത്രം ആയിതീരട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ നിർദ്ദേശം എപ്പോഴും നമ്മുടെ മുന്നിൽ ഉണ്ടാവേണ്ടതാണ്. അവിടുന്ന് പറയുന്നു. ഏതു വരെ ഹൃദയം വിനയത്താൽ സാഷ്ടാംഗം പ്രണമിക്കുന്നില്ലയോ അതുവരെ പ്രകടമായ നിലയിലുള്ള സുജൂദിൽ പ്രതീക്ഷയർപ്പിക്കുന്നത് പൊള്ളയായ ആഗ്രഹമാണ്. (നാം ഒരു പാട് സുജൂദ് ചെയ്യുന്നുണ്ട്. നമ്മുടെ ദുആകൾ അല്ലാഹു കേൾക്കും എന്നുള്ളത് വ്യാജമായ ആഗ്രഹങ്ങളാണ്. ) പറയുന്നു. ഏതു പോലെ ബലിയുടെ രക്തവും മാംസവും അല്ലാഹുവിലേക്ക് എത്തുന്നില്ലയോ കേവലം തഖ്‌വ മാത്രമാണ് എത്തിച്ചേരുന്നത്, അതുപോലെ ഏതു വരെ ഹൃദയത്തിന്റെ റുകൂഉം സുജൂദും ഖിയാമും ഇല്ലയോ ശാരീരികമായ റുകൂഉം സുജൂദും പ്രയോജനരഹിതമായ കാര്യങ്ങളാണ്. പറയുന്നു: ഹൃദയത്തിന്റെ ഖയാം ഇതാണ്, അവന്റെ കൽപനകളിൽ അടിയുറച്ച് നിൽക്കുക. റുകൂഅ് ഇതാണ് അവനിലേക്ക് കുമ്പിടുക. സുജൂദ് ഇതാണ്. അവനു വേണ്ടി തന്റെ അസ്ഥിത്വത്തെ ഉപേക്ഷിക്കുക. ഇതാണ് നമ്മിൽ നിന്ന്, തന്നെ വിശ്വസിക്കുന്നവരിൽ നിന്ന്, തന്റെ ജമാഅത്തിൽ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആഗ്രഹിക്കുന്നത്. തഖ്‌വയുടെ സ്ഥാനം കരസ്ഥമാകുന്നവരായി തീരുക, ഇതിനായി അവിടുന്ന് വളരേ വേദനയോടെ ദുആ ചെയ്തിട്ടുണ്ട്, നാം ഈ സ്ഥാനം നേടുന്നവരായി അല്ലാഹു തീർക്കുമാറാകട്ടെ. നമ്മുടെ ഭൗതിക കെട്ടുപാടുകളിൽ കൂടുതലായുള്ള മുഴുകലും തഖ്‌വയിൽ നിന്നും വിദൂരപ്പെടുന്നതും നാം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വിപ്ലവകരമായ മിഷന് തടസ്സം സൃഷ്ടിക്കുന്നതിന് കാരണക്കാരായി ഭവിക്കാതിരിക്കട്ടെ. അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റാത്തവരാവാതിരിക്കട്ടെ. നാം അദ്ദേഹത്തിന്റെ ആത്മാവിന് ദുഖമേൽപ്പിക്കുന്നതിന് കാരണമായി തീരാതിരിക്കട്ടെ.

ഈ ജൽസയുടെ അനുഗ്രഹങ്ങളിൽ നിന്നും പൂർണ്ണമായും പ്രയോജനം ഉൾകൊള്ളാനും ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹൾക്കും, ദുആയുടെ അവകാശികളും ആയിത്തീരുന്നതിന് ഓരോ അഹ്മദിയും ഒരു പുതിയ ദൃഢനിശ്ചയത്തോടുകൂടി ഞങ്ങൾ ഞങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിനായി പരിശ്രമിച്ച് കൊണ്ടേയിരിക്കുന്നതാണ് എന്ന പ്രതിജ്ഞയെടുക്കേണ്ടതാണ്. തഖ്‌വയുടെ മാർഗ്ഗം അന്വേഷിക്കുന്നതിനായി വിശുദ്ധ ഖുർആൻ, നമുക്ക് നൽകിയിരിക്കുന്ന അദ്ധ്യാപനങ്ങൾ, ഒരു യഥാർഥ മുഅ്മിനായി നിശ്ചയിച്ചിരിക്കുന്ന നിലവാരം, അത് അന്വേഷിച്ച് അത് അനുസരിച്ച് പ്രവർത്തിച്ച് കൊണ്ടുമാത്രമേ നമുക്ക് ഈ നിലവാരം സ്വായത്തമാക്കാൻ സാധിക്കുകയുള്ളു. ഏതൊന്നിനെ കുറിച്ചുള്ള പ്രതീക്ഷയാണോ ഹദ്റത് മസീഹ് മൗഊദ് (അ) നമ്മിൽ നിന്ന് പുലർത്തിയിട്ടുള്ളത്. വിശുദ്ധഖുർആനിൽ തഖ്‌വയിലൂടെ ചരിക്കുന്നതിനെ കുറിച്ച് വിവിധരീതിയിൽ വ്യത്യസ്തവിധത്തിൽ അനേകം സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. നമ്മിൽ ഓരോരുത്തർക്കും നമ്മുടെ ആത്മപരിശോധനയിലേക്ക് ശ്രദ്ധ ഉണ്ടാകുന്നതിന് വേണ്ടി അതിൽ ചിലതിനെ കുറിച്ച് ഞാൻ ഇവിടെ പരാമർശിക്കുന്നതായിരിക്കും.

അല്ലാഹു പറയുന്നു. اَنَّهٗ لَاۤ اِلٰهَ اِلَّاۤ اَنَا فَاتَّقُوْنِ

എന്നെ കൂടാതെ മറ്റൊരു ആരാധ്യനുമില്ല. എന്നെ സൂക്ഷിക്കേണ്ട മുറയനുസരിച്ച് സൂക്ഷിക്കുക.

സുരക്ഷിതത്വത്തിനായി പരിചയുടെ പിന്നിൽ വരുന്നതിനും, പാപങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം അവലംഭിക്കുന്നതിനും, ബുദ്ധിമുട്ടുകളിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം അവലംഭിക്കുന്നതിനുമാണ് തഖ്‌വ എന്ന് പറയുന്നത്. അല്ലാഹു പറയുന്നു എന്നോടുള്ള ആരാധന അതിന്റെ ഉത്തരവാദിത്വം പൂർത്തിയാക്കി കൊണ്ട് അനുഷ്ഠിക്കുകയാണെങ്കിൽ അത് തന്നെയാണ് തഖ്‌വ, അത് നിങ്ങളെ എല്ലാ വിധത്തിലും സുരക്ഷിതരാക്കും. നിങ്ങളെ പാപങ്ങളിൽ നിന്ന് രക്ഷിക്കും. നിങ്ങളെ ബുദ്ധിമുട്ടുകളിൽ നിന്ന് പുറത്ത് കൊണ്ട് വരും. അല്ലാഹുവിനോടുള്ള ആരാധന അതിന്റെ ഉത്തരവാദിത്വത്തോടെ അനുഷ്ഠിക്കുന്നെങ്കിൽ , ഈ സ്ഥാനം തന്നെയാണ് അല്ലാഹുവിനോടുള്ള ഭയം ഉണ്ടാവുന്ന സ്ഥാനം. എന്നാൽ ഈ ഭയം ഒരു യഥാർഥ ദാസന്, ഒരു യഥാർഥ മുഅ്മിന് അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ടാണ് ഉണ്ടാവുന്നത്. അതിനെ മറ്റു വാക്കുകളിൽ തഖ്‌വ എന്ന് പറയുന്നു.ഒരു യഥാർഥ അഹ്മദി തഖ്‌വയിൽ ചരിക്കുന്നവരും അല്ലാഹുവിന്റെ പ്രീതീ കരസ്ഥമാക്കുന്നവരുമാണ് എന്ന് പറയപ്പെടുന്നതിന് വേണ്ടി ഈ ആരാധനകളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്

ഇതു തന്നെയാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഏറ്റവും വലിയ ലക്ഷ്യം. അല്ലാഹു പറയുന്നു,

وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ

ഞാൻ ജിന്നിയേയും ഇൻസിനേയും കേവലം എന്നെ ആരാധിക്കുന്നതിനു വേണ്ടി മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്.

ഹദ്റത് മസീഹ് മൗഊദ് (അ)പറയുന്നു: വിവിധങ്ങളായ മനുഷ്യപ്രകൃതങ്ങൾ, തങ്ങളുടെ മനസ്സിലാക്കാനുള്ള കഴിവില്ലായ്മ കൊണ്ടും, ധൈര്യക്കുറവ് കൊണ്ടും വിവിധങ്ങളായ

ലക്ഷ്യങ്ങൾ തങ്ങളുടെ ജീവിതത്തിന്റേതായി നിശ്ചയിക്കുന്നു. (ഇന്ന് നാം കാണുന്നു, എല്ലായ്പ്പോഴും മനുഷ്യൻ തന്റെ ജീവിത ലക്ഷ്യം സ്വയം നിർണ്ണയിക്കുന്നു. അല്ലെങ്കിൽ താൻ ഈ ലക്ഷ്യമാണ് നിർണ്ണയിക്കുന്നത്, ഇതാണ് എന്റെ വിജയത്തിനുള്ള രഹസ്യം എന്ന് ധരിക്കുന്നു. അല്ലാഹു മനുഷ്യന് പറഞ്ഞുകൊടുത്ത മനുഷ്യന്റെ യഥാർഥത്തിലുള്ള സൃഷ്ടിപ്പിന്റെ ലക്ഷ്യം മറന്നു പോകുന്നു.)

പറയുന്നു: കേവലം ഭൗതികലക്ഷ്യങ്ങളിലേക്കും, ആഗ്രഹങ്ങളിലും എത്തിച്ചേർന്ന് നിശ്ചലരായിപോകുന്നു. എന്നാൽ അല്ലാഹു തന്റെ പരിശുദ്ധവചനങ്ങളിൽ വിവരിക്കുന്ന ലക്ഷ്യം ഇതാണ്.

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُونِ അതായത് ഞാൻ ജിന്നിനേയും മനുഷ്യരേയും സൃഷ്ടിച്ചിരിക്കുന്നത് എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനും വേണ്ടിയാണ്. ഈ ആയത്ത് അനുസരിച്ച് മനുഷ്യജീവിതത്തിന്റെ യഥാർഥത്തിലുള്ള ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കലും അവനെ തിരിച്ചറിയലും അല്ലാഹുവിന്റേതായിത്തീരലുമാണ്. തന്റെ ജീവിതത്തിന്റെ ലക്ഷ്യം തന്റെ ശക്തികൊണ്ട് സ്വയം നിർണ്ണയിക്കുകയെന്നത് മനുഷ്യന് ലഭ്യമായ സ്ഥാനമല്ല എന്ന കാര്യവും വ്യക്തമാണ്. കാരണം മനുഷ്യൻ സ്വന്തം ഇഷ്ടപ്രകാരമല്ല വരുന്നതും, സ്വന്തം ഇഷ്ട പ്രകാരമല്ല തിരിച്ച് പോകുന്നതും. മറിച്ച് അവൻ , ഒരു സൃഷ്ടിപ്പ് മാത്രമാണ്. ആരാണോ അവനെ സൃഷ്ടിച്ചത് മറ്റു ജിവജാലങ്ങളെ അപേക്ഷിച്ച് അവന് ഉന്നതവും ശ്രേഷ്ടവുമായ കഴിവുകൾ നൽകിയത്, അവൻ മനുഷ്യന്റെ ജീവിതത്തിന് ഒരു ലക്ഷ്യം നിർണ്ണയിച്ചിരിക്കുന്നു. ഒരു മനുഷ്യൻ ഈ ലക്ഷ്യം മനസ്സിലാക്കിയാലും ഇല്ലെങ്കിലും ശരി. എന്നാൽ മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം തീർച്ചയായും അല്ലാഹുവിനെ ആരാധിക്കലും അല്ലാഹുവിനെ തിരിച്ചറിയലും അല്ലാഹുവിൽ വിലയം പ്രാപിക്കുകയും ചെയ്യുകയെന്നതാണ്. ഈ ഒരു സ്ഥാനവും നിലവാരവുമാണ് ഓരോ അഹ്മദിയും കരസ്ഥമാക്കേണ്ടത്. അതിനായി പരിശ്രമിക്കേണ്ടതാണ്. മനുഷ്യൻ തന്റെ ലക്ഷ്യങ്ങൾ എത്രതന്നെ നിശ്ചയിച്ചാലും,അത് സ്വായത്തമാക്കുന്നതിനായി പരിശ്രമിച്ചാലും അവന്റെ ജീവിതം അർത്ഥരഹിതമാണ്. ഇന്ന് തങ്ങളുടെ സുഖത്തിനായി, ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി ലോകത്തിൽ പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ മനുഷ്യൻ നിരവധി മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിന് വേണ്ടി പരിശ്രമിച്ചിട്ടുണ്ട്. അതിന്റെ പരിണിതഫലം കേവലം അശ്ലീലങ്ങൾ മാത്രമാണ്. മനുഷ്യന്റെ മഹത്വം ഇത്ര മാത്രം അധപതിച്ചിരിക്കുന്നു. എല്ലാ വിധത്തിലുള്ള നഗ്നതയും, അവിശുദ്ധപ്രവർത്തനങ്ങളും ജനങ്ങളുടെ മുന്നിൽ വെച്ച് ചെയ്യുന്നു. എന്നു മാത്രമല്ല ടിവികളിൽ കാണിക്കുന്നതും ഒരു പോരായ്മയായി മനസ്സിലാക്കുന്നില്ല. ചില പ്രവർത്തനങ്ങൾ മൃഗങ്ങളേക്കാൾ അധ:പതിച്ചവയാണ്. ഇതിന് കലയെന്നും സമാധാനമെന്നും പേർ നൽകപ്പെടുന്നു. ഇവരുടെ അവസ്ഥയാണ് അല്ലാഹു ഇപ്രകാരം വിവരിച്ചിരിക്കുന്നത്.

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ الْجِنِّ وَالْإِنسِ ۖ لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ آذَانٌ لَّا يَسْمَعُونَ بِهَا ۚ أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ ۚ أُولَٰئِكَ هُمُ الْغَافِلُونَ ﴿١٧٩﴾

തീർച്ചയായും നാം മനുഷ്യനിൽ നിന്നും ജിന്നുകളിൽ നിന്നും ഒരു വലിയ വിഭാഗത്തെ നരകത്തിന് വേണ്ടി സൃഷ്ടിച്ചിരിക്കുന്നു. അവർക്ക് ഹൃദയമുണ്ട്. എന്നാൽ അവർ അതിലൂടെ മനസ്സിലാക്കുന്നില്ല. (അതായത് ആത്മീയകാര്യങ്ങൾ മനസ്സിലാക്കണമെന്ന് ബോധമുള്ളവരല്ല.) അവർക്ക് കണ്ണുകളുണ്ട്, എന്നാൽ അതിലൂടെ അവർ കാണുന്നില്ല. അവർക്ക് ചെവികളുണ്ട്, എന്നാൽ അതിലൂടെ അവർ കേൾക്കുന്നില്ല. അവരുടെ ഹൃദയത്തിൽ ആത്മീയത നിലനിൽക്കാറില്ല. അവരുടെ ചെവികൾ ആത്മീയകാര്യങ്ങൾ കേൾക്കാൻ താൽപര്യമുള്ളവയല്ല. നല്ലകാര്യങ്ങളും അല്ലാഹു കാണാൻ വേണ്ടി പറഞ്ഞ കാര്യങ്ങളും കാണുന്നതിലേക്ക് ശ്രദ്ധയില്ല. അല്ലാഹു കാണുന്നത് തടഞ്ഞിട്ടുള്ള കാര്യങ്ങൾ കാണുന്നതിൽ നിന്നു വിട്ടുനിൽക്കാറില്ല. അഥവാ പൂർണ്ണമായ നിലയിൽ ഭൗതീക ആഗ്രഹങ്ങൾ അവരിൽ അതീശത്വം സ്ഥാപിച്ചിരിക്കുന്നു. പറയുന്നു. അവർ നാൽകാലികളെപോലെയാണ് അല്ല അതിലും അധ:പതിച്ചവരാണവർ. വഴിപിഴച്ച ഇവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു. أَفَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ

തന്റെ ശരീരേച്ഛയെ തന്നെ ദൈവമാക്കിയവനെ നീ കണ്ടില്ലേ. ഇവർ തങ്ങളുടെ ശരീരേച്ഛകളെ ആരാധിക്കുന്നവരാണ്. പിന്നീട് പറയുന്നു. أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ ۚ

إِنْ هُمْ إِلَّا كَالْأَنْعَامِ ۖ بَلْ هُمْ أَضَلُّ سَبِيلًا ﴿٤٤﴾

ഇവരിൽ ഭൂരിഭാഗവും കേൾക്കുകയും ബുദ്ധി പ്രയോഗിക്കുകയും ചെയ്യുന്നുണ്ട് എന്ന് നീ ധരിക്കുന്നുവോ. ഇവരിൽ അധിക പേരും മൃഗങ്ങളെ പോലെയാണ് അല്ല മൃഗങ്ങളേക്കാൾ അധ: പതിച്ചവരും വഴിപിഴച്ചവരുമാണ്.

ഈ ആയത്തുകളിൽ തങ്ങളുടെ ജീവിതലക്ഷ്യം മനസ്സിലാക്കാതെ തങ്ങളുടെ ആഗ്രഹങ്ങളെ പിൻതുടരുന്നവരുടെ രൂപമാണ് വർണ്ണിച്ചിരിക്കുന്നത്. ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, സൃഷ്ടിച്ച് പിന്നീട് ആ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പറഞ്ഞു തന്നവനെ വിസ്മരിച്ചുകൊണ്ട് തങ്ങളുടെ ലക്ഷ്യം സ്വയം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അത്തരം ആളുകളുടെ സങ്കേതം നരകമാണ്. മൃഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് കണക്കെടുപ്പ് ഉണ്ടായിരിക്കുകയില്ല എന്നാൽ ഈ വഴിപിഴച്ചവരുടെ കർമ്മങ്ങളുടെ കണക്ക് തീർച്ചയായും ഇവരെ നരകത്തിലേക്ക് കൊണ്ടെത്തിക്കും, ഇവിടെ ഈ കാര്യം വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. നാം ഒരു വലിയ വിഭാഗത്തെ നരകത്തിനുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു എന്ന് അല്ലാഹു പറയുമ്പോൾ, അല്ലാഹുവിന്റെ വചനങ്ങളിൽ വൈരുദ്ധ്യമുണ്ട് എന്ന് ധരിക്കരുത്. ഒരു സ്ഥലത്ത് പറയുന്നു: ഞാൻ ജിന്നുകളേയും മനുഷ്യരേയും ഇബാദത്തിനായാണ് സൃഷ്ടിച്ചിരിക്കുന്നത്. മറുവശത്ത് പറയുന്നു: നരകത്തിന് വേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം ഇപ്രകാരമാണ്. അല്ലാഹുവിൽ നിന്ന് നേർമാർഗ്ഗത്തിനുള്ള എല്ലാവിധത്തിലുള്ള സംവിധാനങ്ങളും ഉണ്ടായിരുന്നിട്ട് പോലും, അല്ലാഹുവിന്റെ കാരുണ്യം ഏറ്റവും വിശാലമായിരുന്നിട്ട് പോലും അധികമാളുകളും ഇതിൽ നിന്ന് പ്രയോജനം എടുക്കുകയില്ല. അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് തങ്ങളുടെ ഇഹപരലോകങ്ങൾ മനോഹരമാക്കി തീർക്കുന്നതിന് ശ്രമിക്കുകയില്ല. മറിച്ച് തങ്ങളുടെ ആഗ്രഹങ്ങളെ പിൻപറ്റിക്കൊണ്ട് നരകത്തിന്റെ മാർഗ്ഗത്തിലേക്ക് ചരിക്കുന്നു. ഭാഷാപണ്ഡിതന്മാർ ഇതിന്റെ വിശദീകരണം ഇപ്രകാരവും നൽകാറുണ്ട്. ജഹന്നം എന്ന വാക്കിന് മുമ്പായി 'ലാമ്' കൂട്ടിചേർത്ത് പറഞ്ഞിട്ടുണ്ട്. ഇത് അവരുടെ പര്യവസാനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അവരുടെ ലക്ഷ്യത്തിലേക്കല്ല. മനുഷ്യൻ അല്ലാഹുവിൽ നിന്നു ദൂരപ്പെട്ടുകൊണ്ട് അവന്റെ ആരാധനയുടെ ഉത്തരവാദിത്വം നിറവേറ്റാതെ, അവന്റെ കൽപനകളനുസരിച്ച് പ്രവർത്തിക്കാതെയാണ് തന്റെ മോശമായ പര്യവസാനത്തിലേക്ക് എത്തിച്ചേരുന്നത്. ഞാൻ പറഞ്ഞതുപോലെ ഇന്നു മനുഷ്യന്റെ നീചമായ ഈ ആഗ്രഹങ്ങൾ അവന്റെ പര്യവസാനം ഇങ്ങനെയാക്കി നിർത്തിയിരിക്കുന്നു. മനുഷ്യൻ മൃഗങ്ങളേക്കാൾ അധപതിച്ച പ്രവർത്തനങ്ങൾ ചെയ്യാൻ തുടങ്ങിയിരിക്കുന്നു,

പരസ്യമായ നിലയിൽ നികൃഷ്ടകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. നീചവും നഗ്നവുമായ പ്രവർത്തനങ്ങൾ ചെയ്യുകയും കാണുകയും ചെയ്യുന്നു. പോണോഗ്രഫി വിഡിയോകളും സിനിമകളും പരസ്യമായി തന്നെ ലഭ്യമാകുന്നു. അതെല്ലാം കണ്ട് അത്തരം പ്രവർത്തനം ചെയ്യുന്ന ഇവർ മൃഗങ്ങളേക്കാൾ അധപതിച്ചവരായി തീർന്നിരിക്കുന്നു. വളരെ ദുഖത്തോടുകൂടി ഞാൻ പറയട്ടെ. ചില പരാതികൾ എനിക്കും ലഭിക്കാറുണ്ട്. നമ്മുടെ അഹ്മദീ യുവാക്കൾ എന്നല്ല മദ്ധ്യവയസ്കരും ഈ വിധത്തിലുള്ള അനാവശ്യകാര്യങ്ങൾ അതല്ലെങ്കിൽ അൽപം കുറഞ്ഞ അനാവശ്യ കാര്യങ്ങളുള്ള ഫിലിമുകൾ കാണുന്നതിൽ അകപ്പെട്ടിരിക്കുന്നു. ഇതുകാരണം ചില വീടുകളും ശിഥിലമായിക്കൊണ്ടിരിക്കുന്നു. എല്ലാവരും അല്ലാഹുവിനെ ഭയക്കേണ്ടതാണ്. അല്ലാഹു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, അപ്രകാരം വഴിപിഴച്ചവരുടെ സങ്കേതം നരകമായിരിക്കും. ഹദ്റത് മസീഹ് മൗഊദ് (അ) വ്യക്തമാക്കിയിട്ടുണ്ട്, എന്നോടൊപ്പം നിൽക്കണമെങ്കിൽ ഈ അനാവശ്യ കാര്യങ്ങളേയും ശരീരേച്ഛകളേയും ഉപേക്ഷിക്കുക. അതല്ല എങ്കിൽ എന്നിൽ നിന്ന് വിട്ടുനിൽക്കുക. ഇത്തരം ആളുകൾ പൊതുവിൽ ജൽസകളിൽ വരാറില്ല. ജമാഅത്തിൽ നിന്ന് വളരെയധികം മാറിനിൽക്കുന്നവരായിരിക്കും. എന്നാൽ വരികയും അവരുടെ ചെവികളിൽ ഈ ശബ്ദം പതിക്കുകയും, അതല്ലെങ്കിൽ അവരുടെ ബന്ധുക്കൾ അവരിലേക്ക് ഇത് എത്തിക്കുകയും ചെയ്താൽ അത്തരം ആളുകൾ തങ്ങളുടെ പരിഷ്കരണത്തിനു വേണ്ടി പരിശ്രമിക്കേണ്ടതാണ്. അതല്ലെങ്കിൽ ജമാഅത്ത് വ്യവസ്ഥിതി ഏതെങ്കിലും വിധത്തിലുള്ള നടപടി എടുക്കുന്നതിനു മുമ്പ് സ്വയം ജമാഅത്തിൽ നിന്ന് വിട്ടുനിൽക്കുക. അതുപോലെതന്നെ യുവത്വത്തിലേക്ക് കാലെടുത്തുവെക്കുന്ന യുവാക്കൾക്കും നല്ലതും ചീത്തയും തിരിച്ചറിയാനുള്ള കഴിവുണ്ടായിരിക്കുകയില്ല. വീട്ടുകാരും പറഞ്ഞു കൊടുത്തിട്ടുണ്ടായിരിക്കുകയില്ല. ജമാഅത്തിന്റെ വ്യവസ്ഥിതിയുമായും അത്രയധികം ബന്ധമൊന്നും ഉണ്ടായിരിക്കുകയില്ല. അവരോടു ഞാൻ പറയുകയാണ്, ഇതെല്ലാം കാണുന്നത്, ഫിലിമുകൾ കാണുന്നത് ഒരു തരം ലഹരിയാണ്, അതുകൊണ്ട് ഇത്തരം നീചകർമ്മങ്ങളിൽ അകപ്പെട്ടിരിക്കുന്നവരുമായി നിങ്ങൾ സൗഹൃദം നിലനിർത്തരുത്, ഇവർ നിങ്ങളേയും സ്വാധീനിക്കും അഥവാ ഒരിക്കൽ മാത്രമാണെങ്കിലും ഏതെങ്കിലും വിധത്തിലുള്ള അഴുക്കിൽ അകപ്പെട്ടാൽ പിന്നീട് അതിൽ നിന്ന് പുറത്ത് വരാൻ ബുദ്ധിമുട്ടായിരിക്കും.

ഹദ്റത് മസീഹ് മൗഊദ് (അ) ഈ ആയത്തുകളുടെ വിശദീകരണത്തിൽ ഒരു സ്ഥലത്ത് പറയുന്നു. അല്ലാഹു പറഞ്ഞിട്ടുണ്ട്. നാം നരകത്തിനായി ഒരു പാട് മനുഷ്യരേയും ജിന്നുകളേയും സൃഷ്ടിച്ചിട്ടുണ്ട്. പിന്നീട് പറഞ്ഞു ഈ നരകം അവർ തന്നെ തയ്യാറാക്കിയതാണ്, (അല്ലാഹു നരകം തയ്യാറാക്കി നൽകിയതല്ല മറിച്ച് അവർ സ്വയം തയ്യാറാക്കിയതാണ്.)പരിശുദ്ധഹൃദയം പരിശുദ്ധകാര്യങ്ങൾ ശ്രവിക്കുന്നു. അവിശുദ്ധ ചിന്താഗതിക്കാരനായ മനുഷ്യൻ തന്റെ ശൂന്യമായ ബുദ്ധിയനുസനുസരിച്ച് പ്രവർത്തിക്കുന്നു. അവരെ സ്വർഗ്ഗത്തിലേക്ക് വിളിക്കുമ്പോൾ അത് കേൾക്കുന്നില്ല. പരിശുദ്ധ കാര്യങ്ങൾ അവരിൽ സ്വാധീനം ചെലുത്തുന്നില്ല. തങ്ങളെ സ്വയം ബുദ്ധിമാൻമാരെന്ന് ധരിക്കുന്നവർ, ലോകത്തിലെ വർണ്ണപകിട്ടിൽ നിന്ന് ഫലമെടുക്കണം എന്ന് പറയുന്നവർ, തങ്ങളുടെ ബുദ്ധിയെ അവലംബിക്കുന്നവർ, അവർക്ക് അതിന്റെ ഫലം നരകമാകുന്നു. പറയുന്നു: അത്തരം ആളുകൾക്ക് പരലോകത്തിലെ നരകവും ഉണ്ടായിരിക്കും, ഈ ലോകത്തിലെ നരകത്തിൽ നിന്നും രക്ഷയും സമാധാനവും ഉണ്ടായിരിക്കുന്നതല്ല. ഈ ലോകത്തിലെ നരകം ആ നരകത്തിന്റെ തെളിവായിട്ടായിരിക്കും. (അത്തരത്തിലുള്ള ആളുകൾക്ക് ചില രോഗങ്ങൾ കാരണവും മറ്റു ചില കാര്യങ്ങളാലും ഈ ലോകത്തും ഒരു നരകം കാണാൻ സാധിക്കും.) പിന്നീട് ഈ ലോകത്തിലെ നരകത്തെ കുറിച്ച് വിവരിച്ചുകൊണ്ട് അവിടുന്ന് പറയുന്നു: ഭൗതികമായ സമ്പത്തോ ഭരണമോ ധനമോ അഭിമാനമോ മക്കളുടെ ആധിക്യമോ ഏതെങ്കിലും വ്യക്തിയുടെ സന്തോഷത്തിനും സമാധാനത്തിനും ശാന്തിക്കും കാരണമായിരിക്കുമെന്നും അയാൾ മരണാനന്തരം സ്വർഗ്ഗത്തിലായിരിക്കുമെന്നും കരുതരുത്, അങ്ങനെയല്ല സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളായ ഹൃദയശാന്തിയും സമാധാനവും ഇത്തരം കാര്യങ്ങൾ കൊണ്ട് ലഭിക്കുന്നതല്ല. അത് അല്ലാഹുവിൽ ജീവിക്കുന്നത് കൊണ്ടും മരിക്കുന്നത് കൊണ്ടുമാണ് ലഭിക്കുന്നത്.

പറയുന്നു: ഭൗതിക സുഖാനുഭൂതി ഒരു തരം അവിശുദ്ധ തൃഷ്ണ ജനിപ്പിച്ച് ആവശ്യത്തേയും ദാഹത്തേയും വർദ്ധിപ്പിക്കുന്നു. ദാഹരോഗം പിടിപെട്ട രോഗിയെ പോലെ അയാളുടെ ദാഹം ശമിക്കുകയില്ല. (ദാഹരോഗം പിടിപെട്ടവനെ പോലെ അയാളുടെ ദാഹം ശമിക്കുകയില്ല) പറയുന്നു: ഏതുവരെയെന്നാൽ അയാൾ നശിച്ച് പോകുന്നു. ഈ അനാവശ്യമായ ആഗ്രഹങ്ങളുടേയും അത്യാശകളുടെയും അഗ്നി മനുഷ്യന്റെ ഹൃദയത്തിന് സമാധാനവും ശാന്തിയും നൽകാത്ത നരകത്തിന്റെ അഗ്നിയിൽ നിന്നുള്ളതാണ്. അത് അവനെ ആശയകുഴപ്പത്തിലും വേദനയിലും അകപ്പെടുത്തുന്നു. അതുകൊണ്ട് എന്റെ സുഹൃത്തുക്കളുടെ പക്കൽ ഈ കാര്യം ഒരിക്കലും മറഞ്ഞിരിക്കരുത്. (അതായത് ഈ കാര്യങ്ങളെ ഓർത്തിരിക്കുക) പിന്നീട് അവിടുന്ന് പറയുന്നു: ഈ അഗ്നി മനുഷ്യഹൃദയത്തെ ചുട്ടുപൊള്ളിക്കുന്നു. ഒരു കത്തിതീർന്ന കൽക്കരിയേക്കാൾ ഇരുണ്ടതും കറുത്തതുമാക്കി കളയുന്നു. അതെ ഇത് ദൈവേതരങ്ങളോടുള്ള സ്നേഹമാണ്.

ഒരു യഥാർഥവിശ്വാസി, തഖ്‌വയിൽ ചരിക്കുന്ന വ്യക്തി, തഖ്‌വ അന്വേഷിക്കുന്ന വ്യക്തി തന്റെ ഓരോ കർമ്മവും അല്ലാഹുവിനു വേണ്ടി മാത്രം ചെയ്യേണ്ടതുണ്ട്. ഹൃദയത്തിൽ നിന്ന് ആഗ്രഹങ്ങളുടെയും സമാധാനത്തിന്റെ നാമധാരികളായ ഭൗതികബിംബങ്ങളെ പുറത്തേക്ക് വലിച്ചെറിയേണ്ടതായിട്ടുണ്ട്. അപ്പോഴായിരിക്കും ഒരു മുഅ്മിൻ യഥാർഥത്തിലുള്ള മുഅ്മിനായി തീരുക. അല്ലാഹു ഇസ്ലാഹിനായി ഒരുക്കിയിരിക്കുന്ന ഈ ദിവസങ്ങളിൽ ഓരോരുത്തരും തങ്ങളുടെ ഇസ്ലാഹിലേക്ക് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. തീർച്ചയായും വലിയ വലിയ പാപങ്ങളിൽ മനുഷ്യൻ ഉൾപ്പെട്ടിരിക്കണമെന്നില്ല ചെറിയ ചെറിയ പാപങ്ങൾ ദുരീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കാരണം ഈ ചെറുപാപങ്ങൾ തന്നെയാണ് ചില അവസരങ്ങളിൽ തഖ്‌വയിൽ നിന്ന് ദൂരികരിക്കുകയും, പാപങ്ങളിൽ അകപ്പെടുത്തുകയും കൊണ്ട് ചെയ്യുന്നത്.

ദൈവസ്മരണയാൽ തങ്ങളുടെ നാവുകളെ ആർദ്രമാക്കുക. ഇസ്തിഗ്ഫാറിലൂടേയും സ്വലാത്തിലൂടെയും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക. തങ്ങളുടെ ഹൃദയങ്ങളെ ദൈവേതരങ്ങളോടുള്ള സ്നേഹത്തിൽ നിന്ന് വിശുദ്ധീകരിക്കുക. അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായി തീരുക. ഈ നന്ദിപ്രകടനം അവസാനം അല്ലാഹുവിന്റെ സ്നേഹം ആകർഷിക്കുന്നതിനുള്ള കാരണമായിത്തീരുന്നു.

ഈ രാജ്യത്ത് വന്നതു കൊണ്ട് ഭൗതീകമായ നിലയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നത് അല്ലാഹുവിന്റെ കോപത്തിനുള്ള മാർഗ്ഗമാക്കാതെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിനുള്ള മാർഗ്ഗമാക്കിമാറ്റിയെടുത്തു. അല്ലാഹു പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ തഖ്‌വയായിരിക്കണം നിങ്ങ

ളുടെ അഭിമാനത്തിന് കാരണം. നിങ്ങളുടെ പണം, ധനം, നിങ്ങൾക്ക് അഭിമാനം നൽകും എന്ന് പറഞ്ഞിട്ടില്ല. അല്ലാഹു പറയുന്നു إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ ഏറ്റവും ബഹുമാന്യൻ, ഏറ്റവും കൂടുതലായി തഖ്‌വയുള്ളവനാണ്. ഇത് നാം എപ്പോഴും കേൾക്കാറുണ്ട്. നമ്മുടെ പ്രസംഗങ്ങളിൽ ഇതിനെക്കുറിച്ച് പറയാറുണ്ട്, പ്രഭാഷകർ ഇതിനെക്കുറിച്ച് പറയാറുണ്ട് എന്നാൽ, ഏതുപ്രകാരമാണോ അതനുസരിച്ച് പ്രവർത്തിക്കേണ്ടത് അതുപ്രകാരം പ്രവർത്തിക്കാറില്ല. യഥാർഥ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ ജമാഅത്തിന് അകത്ത് ഉണ്ടാകുന്ന ഒരുപാട് പ്രശ്നങ്ങളും കലഹങ്ങളും സ്വയം ഇല്ലാതായിത്തീരും. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ എന്നതിൽ ഏതുവിധേന ഒരാൾ തഖ്‌വയുടെ സൂക്ഷമമായ മാർഗ്ഗങ്ങൾ അവലംഭിക്കുന്നുവോ, അത്രത്തോളം അല്ലാഹുവിന്റെ പക്കൽ അയാളുടെ സ്ഥാനം വർദ്ധിക്കുന്നു. തീർച്ചയായും അപകടങ്ങൾ വരുന്നതിന് മുമ്പ്, അപകടങ്ങളിൽ നിന്ന് സുരക്ഷിതരായി തീരുന്നതിനായുള്ള യുക്തി അവലംഭിക്കുന്നത് തന്നെയാണ് ഏറ്റവും ഉന്നതമായ തഖ്‌വ, (അതായത് അപകടം വരുന്നതിന് മുമ്പ് തന്നെ, അപകടത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം അവലംഭിക്കുക.) പിന്നീട് പറയുന്നു ബഹുമാനവും മഹത്വവും ഒരു ഭൗതീക നിയമങ്ങൾ കൊണ്ടും ലഭ്യമല്ല. അല്ലാഹുവിന്റെ പക്കൽ മുത്തഖിയായിട്ടുള്ളവനാണ് വലിയവൻ.

പിന്നീട് അവിടുന്ന് പറയുന്നു. മതപരമായി ദരിദ്രരായ സഹോദരങ്ങളെ ഒരിക്കലും നിന്ദ്യാ ദ്രഷ്ടിയോടെ നോക്കികാണരുത്, സമ്പത്തിലും ധനത്തിലും അനാവശ്യ അഹങ്കാരം കാണിച്ച് മറ്റുള്ളവരെ നിന്ദ്യരും നിസ്സാരരുമായി കണക്കാക്കരുത്. അല്ലാഹുവിന്റെ പക്കൽ മുത്തഖിയാണ് ബഹുവന്ദ്യൻ, പിന്നീട് അവിടുന്ന് പറയുന്നു. മോക്ഷം ധനത്തിലോ, സമ്പത്തിലോ അതിഷ്ഠിതമല്ല മറിച്ച് അല്ലാഹുവിന്റെ പ്രവർത്തിയിലാണ് നിലകൊള്ളുന്നത്. അല്ലാഹുവിന്റെ പ്രവർത്തിയെ എങ്ങനെ സ്വായത്തമാക്കാം എന്നതിനെക്കുറിച്ച് പറയുന്നു. അത് സൽകർമ്മങ്ങളുടെയും റസുൽ തിരുമേനിയെ പൂർണ്ണമായി അനുധാവനം ചെയ്യുന്നതിലൂടെയും ദുആയിലൂടെയുമാണ് ലഭിക്കുന്നത്. അതായത് അല്ലാഹുവിന്റെ പ്രവർത്തിയെ, സൽകർമ്മങ്ങളും, റസുൽ തിരുമേനിയെ പൂർണ്ണമായി പിൻപറ്റുന്നതും ദുആയുമാണ് ആകർശിക്കുന്നത്. മറ്റൊരു സ്ഥലത്ത് അവിടുന്ന് വളരെ ശക്തമായ ഭാഷയിൽ താക്കീത് ചെയ്തിട്ടുണ്ട് ആ വാക്കുകൾ വളരെ ശക്തമാണ്. പറയുന്നു അല്ലാഹുവിന്റെ പക്കൽ ബഹുമാന്യവും മഹത്വമുള്ളവനും മുത്തഖിയായിട്ടുള്ളവനാണ്. ഇനി തഖ്‌വയുള്ള ജമാഅത്തിനെ മാത്രമേ അല്ലാഹു നിലനിലർത്തുകയുള്ളൂ. മറ്റുള്ളവയെ അവൻ നശിപ്പിക്കും. ഇത് വളരെ ഭയാനകമായ സ്ഥാനമാണ്.രണ്ട് പേർക്ക് ഇവിടെ നിൽക്കാൻ സാധ്യമല്ല.മുത്തഖിയായിട്ടുള്ളവനും കുഴപ്പക്കാരനും അവിശുദ്ധനായിട്ടുള്ളവനും അവിടെ നിൽക്കാൻ സാധ്യമല്ല. മുത്തഖി നിലനിൽക്കും, നീചൻ നശിപ്പിക്കപ്പെടുകയും ചെയ്യേണ്ടത് അനിവാര്യമാണ്. കാരണം അവന്റെ പക്കൽ ആരാണ് മുത്തഖിയെന്ന അറിവ് അവനുമാത്രമേയുള്ളൂ. മുത്തഖിയായിട്ടുള്ള മനുഷ്യൻ ഭാഗ്യവാനാണ്, ശാപത്തിന് കീഴിൽ വന്നവൻ നിർഭാഗ്യവാനാണ്. ഞാൻ വായിച്ച ഈ എല്ലാ നിർദ്ദേശങ്ങളും ഒരു യഥാർഥ അഹ്മദിയെ സംബന്ധിച്ചെടുത്തോളം അവനെ പിടിച്ചുകുലുക്കാൻ മതിയായതാണ്. അവിടുന്ന് പറയുകയുണ്ടായി അപകടത്തിന് മുമ്പ് ആ അപകടത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി പരിശ്രമിക്കുക.മോക്ഷ പ്രാപ്തരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി. തങ്ങളുടെ എല്ലാ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായിട്ടുള്ള മാർഗ്ഗമാക്കുക ഇതുതന്നെയാണ് അപകടത്തിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗം ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി മൂന്നുമാർഗ്ഗങ്ങൾ ആ മഹാത്മാവ് പറയുകയുണ്ടായി, ഒന്നാമതായി നല്ല കാര്യങ്ങൾ പ്രവർത്തിക്കുക. രണ്ടാമത്തേത് നിങ്ങളുടെ ഓരോ കാൽവെപ്പും നന്മ സ്വായത്തമാക്കുന്നതിനു വേണ്ടിയായിരിക്കണം, മൂന്നാമത്തേത് റസൂൽ തിരുമേനിയുടെ ജീവിത മാതൃകയിലേക്ക് നോക്കുക അതിൽ നിന്ന് നിങ്ങൾക്ക് സൽപ്രവർത്തികൾ ലഭിക്കും. റസൂൽ തിരുമേനി (സ) യുടെ ജീവിത മാതൃകയെക്കുറിച്ച് ഹദ്റത്ത് ആയിശ (റ) പറയുകയുണ്ടായി അവിടുത്തെ സ്വഭാവം വിശുദ്ധ ഖുർആനാണ്, അതുകൊണ്ട് വിശുദ്ധ ഖുർആനിലേക്ക് ശ്രദ്ധിക്കേണ്ടതായി വരും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു റസൂൽ തിരുമേനിയെ പൂർണ്ണമായും അനുധാവനം ചെയ്യുക. പിന്നീട് തങ്ങളുടെ പ്രവർത്തനം നബി (സ) യുടെ സുന്നത്തിന് അനുസൃതമാകുന്നതിനു വേണ്ടി അല്ലാഹുവിന്റെ സമക്ഷത്തിൽ കുമ്പിട്ടുകൊണ്ട്, ദുആ ചെയ്തുകൊണ്ട് കൂടുതൽ അതിനെ മനോഹരമാക്കി തീർക്കുക. പറയുന്നു ഈ ജമാഅത്തിന്റെ വിധിയിലാണ് വിജയം എഴുതിവെച്ചിരിക്കുന്നത്. ഇവരാണ് തഖ്‌വയിൽ ചരിക്കുന്ന ലോകത്ത് അതിശത്വം സ്ഥാപിക്കുന്ന ആളുകൾ, നമ്മിൽ ഈ യാഥാർഥ്യം മനസ്സിലാക്കുന്നവർ ഭാഗ്യവാൻമാരാണ്,ഭൗതീക സമ്പത്തിനെ തങ്ങളുടെ ലക്ഷ്യമായി ഗണിക്കാതിരിക്കുക. മറിച്ച് അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുന്നതിനായി പരിശ്രമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളിൽ ഒരു വലിയ വിഭാഗം ഇതിനായി പരിശ്രമിക്കുന്നുണ്ട് അതിൽ യാതൊരു സംശയവുമില്ല. ജമാഅത്ത് അംഗങ്ങടെ പ്രവർത്തികളിൽ നിന്നും ത്യാഗത്തിന്റെ നിലവാരത്തിൽ നിന്നും ഇത് പ്രകടമാണ്. എന്നാൽ ഈ മേഖലയിൽ ഇനിയും ഒരുപാട് മുന്നോട്ട് പോകുന്നതിന്റെ ആവശ്യമുണ്ട് അല്ലാഹു നമ്മിൽ ഓരോരുത്തർക്കും നാം ഈ പ്രധാന കാര്യം മനസ്സിലാക്കുന്നവരായി തീരാൻ തൗഫീഖ് നൽകുമാറാകട്ടെ. തഖ്‌വയിൽ ചരിച്ച്കൊണ്ട് തങ്ങളുടെ ജീവിതം കഴിച്ച്കൂട്ടുന്നവരായി തീരട്ടെ. അല്ലാഹു ഒരു മുത്തഖിയോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങളിൽ ഭാഗവാക്കാകുന്നവരാകട്ടെ. അല്ലാഹു മുത്തഖിയോട് ചെയ്തിരിക്കുന്ന ഒരുപാട് വാഗ്ദാനങ്ങളോടൊപ്പം ഈ വാഗ്ധാനം ചെയ്തിരിക്കുന്നു. (അൽആഖിബത്തു ലിൽമത്തഖീൻ) പര്യവസാനം മുത്തഖീങ്ങൾക്കാണ്. അതായത് വിജയവും ശുഭപര്യവസാനവും മുത്തഖീങ്ങൾക്കാണ് ഉള്ളത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു എല്ലാ വിധത്തിലുള്ള അസൂയയുടെയും വിദ്വേശത്തിന്റെയും, പരനിന്ദയുടെയും, അഹങ്കാരത്തിന്റെയും, അഹംഭാവത്തിന്റെയും, പാപത്തിന്റെയും, ആജ്ഞാലംഘനത്തിന്റെയും പ്രത്യക്ഷവും പരോക്ഷവുമായ മാർഗ്ഗങ്ങളിൽ നിന്നും അലസതകളിൽ നിന്നും അസൂയയിൽ നിന്നും രക്ഷപ്പെടുക. നല്ലവണ്ണം ഓർത്തുകൊള്ളുക, ശുഭപര്യവസാനം എല്ലായിപ്പോഴും മുത്തഖീങ്ങൾക്കായിരിക്കും. അല്ലാഹു പറയുന്നത് പോലെ الْعَاقِبَةُ لِلْمُتَّقِينَ അതുകൊണ്ട് മുത്തഖി ആയിത്തീരുന്നതിന് പരിശ്രമിക്കുക. ഈ ജൽസയിലൂടെ നമുക്ക് ലഭിക്കുന്ന അന്തരീക്ഷം അതിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മിൽ ഓരോരുത്തരും തങ്ങളുടെ തെറ്റുകൾ പരിശോധിച്ച് കൊണ്ട് എല്ലാവിധത്തിലുള്ള പാപങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി പരിശ്രമിക്കേണ്ടതാണ്. എല്ലാവിധത്തിലുള്ള നന്മകളും സ്വായത്തമാക്കുന്നതിലേക്ക് പൂർണ്ണമായും ശ്രദ്ധിക്കേണ്ടതാണ് നാം വിജയത്തോടെ അല്ലാഹുവിന്റെ പ്രീതി കാരണമാകുന്ന ആ പര്യവസാനം സ്വായത്തമാക്കുന്നതിനു വേണ്ടി.

പിന്നീട് കേവലം വ്യക്തിപരമായ പര്യവസാനത്തിൽ മാത്രമല്ല അല്ലാഹു പരിമിതപ്പെടുത്തിയിരിക്കുന്നത്, മറിച്ച് ജമാഅത്ത് അംഗ

ങ്ങളിൽ എത്രത്തോളം ആളുകൾ ഒരു പരിശ്രമത്തോട് കൂടി നന്മ സ്വായത്തമാക്കുന്നതിനും തഖ്‌വയിൽ ചരിക്കുന്നതിനും പരിശ്രമിക്കകയോ, ഒരു ജമാഅത്ത് എന്ന നിലയിൽ ജമാഅത്തിന് മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹ വർഷത്തിലും വർദ്ധനവ് ഉണ്ടായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹം വർദ്ധിച്ചുകൊണ്ടേയിരിക്കും. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്ത വാഗ്ദാനങ്ങൾ നാം നമ്മുടെ ജീവിതത്തിൽ പൂർത്തിയാകുന്നതായിക്കാണും, തീർച്ചയായും ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടും ഈ വാഗ്ദാനം ഉണ്ട്. അല്ലാഹു തന്റെ സുന്നത്ത് അനുസരിച്ച് എല്ലാ പ്രവാചകൻമാരോടും വാഗ്ദാനം ചെയ്തു كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِىْ അല്ലാഹു വിധിച്ചിരിക്കുന്നു, ഞാനും എന്റെ പ്രവാചകൻമാരും വിജയം പ്രാപിക്കും. അഹ്മദിയ്യത്തിന്റെ വിജയം യഥാർഥ ഇസ്‌ലാമിന്റെ വിജയം തീർച്ചയായും സംഭവിക്കും. എന്നാൽ നാം തഖ്‌വയിൽ പുരോഗമിക്കുന്നവരായിതീർന്നാൽ നമ്മുടെ ജീവിതത്തിൽ നാം ഇൻശാ അല്ലാഹുതഅല ഈ പുരോഗതികളും വിജയങ്ങളും കാണുന്നവരായിരിക്കും. ജമാഅത്തിനായി വിധിച്ചിരിക്കുന്ന ഈ പര്യവസാനം അതിന്റെ പ്രഭാവം നാം സ്വയം കാണുന്നവരായിത്തീരും, ഈ പ്രഭാവം കാണുന്നതിനായി, ഈ വിജയം കാണുന്നതിനായി, ഞങ്ങളുടെ തഖ്‌വയുടെ നിലവാരം ഉയർത്താനുള്ള പരിശ്രമം ഓരോ അഹ്മദിയും ചെയ്യേണ്ടതായിട്ടുണ്ട്. ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചും പര്യവസാനത്തെക്കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു ഈ കാര്യവും ഓർക്കേണ്ടതാണ് ശുഭപര്യവസാനം നല്ല ആളുകൾക്കാണ്, അല്ലാഹുവാണ് പറഞ്ഞിരിക്കുന്നത്. اَلْعَاقِبَةُ لِلْمُتَّقِيْنَ എന്നാണ് പറയുന്നു അല്ലാഹുവിന്റെ ജമാഅത്ത് ഈ വിധത്തിലാണ് തുടർന്ന്കൊണ്ടിരിക്കുന്നത് സച്ചരിതരായ ആളുകൾ തങ്ങളുടെ പര്യവസാനം കൊണ്ട് തിരിച്ചറിയപ്പെടുന്നു. അവിടുന്ന് പറയുന്നു തുടക്കത്തിൽ നബിമാരിൽ ഈ വിധത്തിലുള്ള ഭൂകമ്പങ്ങൾ ഉണ്ടായി, ഒരു ദീർഘകാലം വിജയത്തിന്റെ ഒരു ഭാവവും കാണാൻ സാധിച്ചില്ല. പിന്നീട് അവസാനം അല്ലാഹുവിന്റെ സഹായത്തിന്റെ മന്ദമാരുതൻ വീശാൻ തുടങ്ങി, തന്റെ ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചും പര്യവസാനത്തെക്കുറിച്ചും അല്ലാഹുവിൽ നിന്നുള്ള സന്തോഷ വാർത്ത അവിടുന്ന് ഇപ്രകാരം വിവരിച്ചിരിക്കുന്നു. പറയുന്നു സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് സത്യസന്ധമായ വാഗ്ദാനങ്ങൾ ലഭിക്കുന്നു (അല്ലാഹുവിൽ നിന്ന് എനിക്ക് സത്യസന്ധമായ സന്തോഷവാർ ത്തകൾ ലഭിക്കുന്നു) അപ്പോൾ എന്റെ ദു:ഖം പൂർണ്ണമായും ഇല്ലാതായിത്തീരുന്നു, ഈ കാര്യങ്ങളിൽ പുതിയ വിശ്വാസം വരുന്നു. അതായത് ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ച് അല്ലാഹു നൽകുന്ന വാർത്തകൾ ലഭിക്കുമ്പോൾ പറയുന്നു: എന്റെ ഈമാ ൻ പുതിയതായിത്തീരുന്നു. പിന്നീട് അവിടുന്നു പറയുന്നു, അവ സാനം വിജയം നമ്മുടേത് തന്നെയാണെന്ന സുഗന്ധം എനിക്ക് വരുന്നു (ഇൻശാ അല്ലാഹ്). അഹ്മദിയ്യാ ജമാഅത്തിന്റെ ഈ പുരോഗതിയും വിജയവും വിധിക്കപ്പെട്ട കാര്യമാണ്, നാം ഈ പുരോഗതിയിൽ ഭാഗവാക്കാവുന്നതിനായി നമ്മുടെ തഖ്‌വയുടെ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യമുണ്ട്. ഈ ജൽസകളിലെ ദിവസങ്ങളിലും പിന്നീട് ഇൻശാ അല്ലാഹ് കുറച്ച് ദിവസങ്ങൾക്ക് ശേഷം റംസാനും ആരംഭിക്കുകയാണ്. അതിൽ പൂർണ്ണമായും പ്രയോജനം എടുത്തുകൊണ്ട് തങ്ങളുടെ തഖ്‌വയുടെ നിലവാരം ഓരോ അഹ്മദിക്കും ഉന്നതമാക്കിക്കൊണ്ടേയിരിക്കേണ്ടതിന്റെ ആവശ്യകതയുണ്ട് അല്ലാഹു നമുക്ക് എല്ലാവർക്കും ഇത് സ്വായത്തമാക്കുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഓരോരുത്തർക്കും ജൽസയുടെ ഈ ദിവസങ്ങളിൽ നിന്നും പൂർണ്ണമായും പ്രയോജനം നേടാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഈ ജൽസയുമായി ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങളും നമ്മിൽ ഓരോരുത്തരും സ്വരൂപിക്കുന്നവരായി തീരട്ടെ. നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) ജൽസകളിൽ പങ്കെടുക്കുന്നവർക്കായി, തന്റെ ജമാഅത്ത് അംഗങ്ങൾക്കായി ചെയ്ത ദുആകളുടെ അവകാശികളായിത്തീരുമാറാകട്ടെ.

വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും ഉണ്ട്. ജൽസയുടെ മുഴുവൻ പ്രോഗ്രാമുകളും നിശബ്ദരായി എല്ലാവരും കേൾക്കേണ്ടതാണ്, ഹാജർ നിലയിലും നല്ല നിലയിലാരിക്കേണ്ടതാണ്, വൈജ്ഞാനികവും, തർബിയ്യത്ത്പരവും, ആത്മീയ പരവുമായ വിഷയങ്ങൾ എല്ലാം തന്നെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു എല്ലാ വിധത്തിലും പങ്കെടുക്കുന്ന എല്ലാവരും ഇവിടെയുള്ള വ്യവസ്ഥിതിയുമായി സഹകരിക്കേണ്ടതാണ്, സംഘാടകരും, ഡ്യൂട്ടിയെടുക്കുന്നവരും തങ്ങളുടെ ഉത്തരവാദിത്വം പൂർണ്ണമായും നിറവേറ്റുന്നവരായിത്തീരണം. അതുപ്പോലെ തന്നെ ഡ്യൂട്ടി ചെയ്യുന്നവരും പങ്കെടുക്കുന്നവരും തങ്ങളുടെ ചുറ്റുപാടിനെക്കുറിച്ചും ശ്രദ്ധിക്കുക. അല്ലാഹു എല്ലാവരെയും എല്ലാ കുഴപ്പങ്ങളിൽ നിന്നും സുരക്ഷിതരാകട്ടെ. അല്ലാഹു എല്ലാ വിധത്തിലും ഈ ജൽസ അനുഗ്രഹീതമാക്കിത്തീർക്കട്ടെ.

# PRINTED BOOKS

To

From

**Ahmadiyya Mission House**

**K.N.Road Karapparamba**

**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 July 06 at : Jalsa Gah,Mississauga, Canada
Translation: C.P. Sulthan Naseer Mob: 09544274240

Typing: Semiyya Sulthana & Tahir Ahmad.M.P
Printed at: Digital Image Calicut.
Published by: Majlis Khuddamul Ahmadiyya, North Kerala